**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

**(ഹാജർ : Seeram Sambasiva Rao IAS)**

സംഗ്രഹം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് – ജീവനകാര്യം - അസിസ്റ്റന്റ് സെക്രട്ടറി, ലോക്കൽ സെൽഫ് ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂഷൻ കാറ്റഗറിയിലേയ്ക്ക് സ്ഥാനകയറ്റം നൽകി ഉത്തരവാകുന്നു.

ഉത്തരവ് നമ്പർ .LSGD/62/2023-DEB1-Part(1) തീയതി:26-09-2024

പരാമർശം:
1) സ.ഉ(പി)നം.75/2022/തസ്വഭവ തീയതി 27.10.2022
2) തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.06.2024, 09.07.2024 തീയതികളിലെ LSGD/PD/34868/2023-DEB1 നമ്പർ ഉത്തരവ്
3) തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 16.3.2024 തീയതിയിലെ LSGD/62/2023-DEB1-Part(1) നമ്പർ ഉത്തരവ്

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് സെക്രട്ടറി/ ജൂനിയർ സൂപ്രണ്ട്/ ജോയിന്റ് ബി.ഡി.ഒ/ തത്തുല്യ തസ്തികകളിൽ വിരമിക്കൽ മൂലം ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് സെക്രട്ടറി/ ജൂനിയർ സൂപ്രണ്ട് തത്തുല്യ തസ്തികകളിൽ മുൻ പഞ്ചായത്ത് വകുപ്പിന്റെ കേഡർ സ്ട്രെങ്ങ്തിൽ വിരമിക്കൽ മൂലം ഉണ്ടായിട്ടുള്ള ഒഴിവുകളിലേയ്ക്ക് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിലവിൽ ജോലി ചെയ്യുന്നവരും മുൻ പഞ്ചായത്ത് വകുപ്പിൽ ജീവനക്കാരായിരുന്നവരുമായിരുന്ന ചുവടെ പറയുന്ന ഹെഡ് ക്ലാർക്കുമാരെ 43400-91200 രൂപ ശമ്പള സ്കെയിലിൽ അസിസ്റ്റന്റ് സെക്രട്ടറി, ലോക്കൽ സെൽഫ് ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂഷൻ കാറ്റഗറിയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി അവരവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ താഴെപ്പറയും പ്രകാരം നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | സീനിയോറിറ്റി നമ്പർ | പേര്, നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം, | പെൻ നമ്പർ | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന ഓഫീസ് |
|---|---|---|---|---|
| 1 | 2944 | ജൂലി ജോസ്, പായിപ്പാട് ഗ്രാമപഞ്ചായത്ത്, കോട്ടയം | 580394 | പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം |
| 2 | 3481 | കിരൺ.പി, വെച്ചൂർ ഗ്രാമപഞ്ചായത്ത്, കോട്ടയം | 461290 | ഉപ്പുതറ ഗ്രാമപഞ്ചായത്ത്,ഇടുക്കി |
| 3 | 3562 | പ്രശാന്ത്.പി.എസ്, കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം | 585419 | ചളവറ ഗ്രാമപഞ്ചായത്ത്,പാലക്കാട് |

ടിയാളുകളുടെ ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള നിയമനം 2024-ലെ പൊതുസ്ഥലംമാറ്റ

ക്യൂ ലിസ്റ്റ് പ്രകാരം അർഹരായ ജീവനക്കാർക്ക് അടുത്ത സ്ഥലംമാറ്റത്തിൽ സ്ഥലംമാറ്റം നൽകുന്നതിലേയ്ക്കായി പുന:പരിശോധിയ്ക്കുന്നതായിരിക്കും. ടി സ്ഥലംമാറ്റത്തിന്റെ ഭാഗമായി മറ്റൊരു സ്റ്റേഷനിലേയ്ക്ക് ടിയാളുകളെ സ്ഥലം മാറ്റേണ്ടുന്നതായി കാണുന്ന പക്ഷം നിലവിലെ സ്റ്റേഷനിൽ തുടരുന്നതിന് ടി ജീവനക്കാർക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടർമാരും അതാത് ഓഫീസ് മേധാവികളും ഈ ഉത്തരവ് ഉടനടി പ്രാബല്യത്തിൽ വരുത്തേണ്ടതും വിടുതൽ, സേവനത്തിൽ പ്രവേശിക്കൽ എന്നിവ ഈ കാര്യാലയത്തിലും ബന്ധപ്പെട്ട മറ്റ് ഓഫീസുകളിലും അറിയിക്കേണ്ടതുമാണ്.

Seeram Sambasiva Rao IAS

PRINCIPAL DIRECTOR

പകർപ്പ് :

1. ബന്ധപ്പെട്ട ജീവനക്കാർക്ക് (ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന)
2. ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടർമാർക്ക്
3. ബന്ധപ്പെട്ട ഓഫീസ് അധികാരികൾക്ക് (ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന)
4. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Ajith Kumar M P
Date: 26-09-2024 21:27:14